പതിനാറാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 647 24-06-2026-ൽ മറുപടിയ്ക്ക്

<u>ആദിവാസി കുടുംബങ്ങൾക്ക് ഭൂമിയും വീടും കൃഷിസ്ഥലവും</u>

<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u> <u>മറുപടി നൽകിയ മന്ത്രി</u>

ശ്രീ. ആര്യാടൻ ഷൗക്കത്ത്

ശ്രീമതി കെ. എ. തുളസി
(പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി)

**(എ)** 2018, 2019 വർഷങ്ങളിലുണ്ടായ പ്രളയത്തിൽ വീടും കൃഷി സ്ഥലവും നഷ്ടപ്പെട്ട്, വനത്തിനുള്ളിൽ പ്ലാസ്റ്റിക് ഷീറ്റ് മേഞ്ഞ ഷെഡുകളിൽ ശുചിമുറിയോ കുടിവെള്ള സൗകര്യങ്ങളോ ഇല്ലാതെ ദുരിത ജീവിതം നയിക്കുന്ന നിലമ്പൂർ- പോത്തുകൽ പഞ്ചായത്തിലെ വാണിയമ്പുഴ, ഇരുട്ടുകുത്തി, തരിപ്പപൊട്ടി, കുമ്പളപ്പാറ, കരുളായി പഞ്ചായത്തിലെ മുണ്ടക്കടവ്, പട്ടിക്കല്ല് എന്നീ ഉന്നതികളിലെ മുന്നൂറോളം ആദിവാസി കുടുംബങ്ങൾക്ക് വീടും സ്ഥലവും കൃഷിഭൂമിയും നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ, എങ്കിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

**<u>മറുപടി:</u> നിലമ്പൂർ താലൂക്കിൽ പോത്ത്കല്ല് ഗ്രാമ പഞ്ചായത്തിലെ ഇരുട്ട്കുത്തി, വാണിയംമ്പുഴ തരിപ്പപ്പൊട്ടി, കുമ്പളപ്പാറ, തണ്ടൻകല്ല് ഉന്നതികളിലും, കരുളായി ഗ്രാമ പഞ്ചായത്തിലെ പുലിമുണ്ട- മുണ്ടക്കടവ് ഉന്നതികളിലും, വഴിക്കടവ് ഗ്രാമ പഞ്ചായത്തിലെ പുഞ്ചക്കൊല്ലി ഉന്നതിയിലും 2018-2019 ൽ ഉണ്ടായ പ്രളയത്തിൽ വെള്ളം കയറിയതിനെ തുടർന്ന് തരിപ്പപ്പൊട്ടി, വാണിയംമ്പുഴ, പുലിമുണ്ട- മുണ്ടക്കടവ് ഉന്നതികളിലെ കുടുംബങ്ങൾ ഉന്നതി വിട്ട് ഉയർന്ന പ്രദേശങ്ങളിലേക്ക് മാറി താമസിച്ചിരുന്നു. അതിൽ ഇരുട്ട്കുത്തി ഉന്നതിയിൽ ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി 14 വീടുകൾ നിർമ്മിച്ചിട്ടുണ്ട്. 4 വീടുകൾ പി.എം.എ വൈ പദ്ധതിയിൽ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. കുമ്പളപ്പാറ ഉന്നതിയിൽ 15 പേർക്കും, പുഞ്ചക്കൊല്ലി ഉന്നതിയിൽ 26 പേർക്കും ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി ഭവന നിർമ്മാണം ആരംഭിച്ചിട്ടുണ്ട്.**

<u>വാണിയംമ്പുഴ, തരിപ്പപ്പൊട്ടി</u>

**പട്ടിക വർഗ്ഗ പണിയ വിഭാഗത്തിൽ ഉൾപ്പെടുന്ന 47 കുടുംബങ്ങളിലായി 155 പേർ ടി ഉന്നതിയിൽ താമസിച്ച് വരുന്നു. ഉന്നതിയിലെ 42 കുടുംബങ്ങൾക്ക് വനാവകാശ നിയമം 2006 പ്രകാരം വ്യക്തിഗതവനാവകാശം അനുവദിച്ചിട്ടുണ്ട്. 2019 ൽ ഉണ്ടായ പ്രളയത്തിൽ ഉന്നതിയിൽ വെള്ളം കയറിയതിനെ തുടർന്ന് നിവാസികൾ വനത്തിനുള്ളിൽ ഉയർന്ന പ്രദേശങ്ങളിലേക്ക് മാറിതാമസിച്ചിരുന്നു. പിന്നീട് വീടുകളിലേക്ക് മടങ്ങിപ്പോകാതെ നിലവിൽ താമസിക്കുന്ന പ്രദേശത്ത് തന്നെ ഷെഡ് കെട്ടി താമസിക്കുകയായിരുന്നു. ഈ സാഹചര്യത്തിൽ ടി കുടുംബങ്ങളിൽ 41 കുടുംബങ്ങൾക്ക് മുൻപ് അനുവദിച്ച അതേ അളവിൽ നിലവിൽ താമസിക്കുന്ന ഭൂമി വനാവകാശമായി അനുവദിക്കുന്നതിന് DLC അംഗീകാരം നൽകുകയും അതിൽ 34 ROR വിതരണം ചെയ്യുകയും ചെയ്തു.**

<u>തണ്ടൻകല്ല് പുനരധിവാസം</u>

**2019 പ്രളയത്തിൽ ഉന്നതിയിൽ വെള്ളം കയറിയതിനെ തുടർന്ന് പോത്തകല്ല് ഗ്രാമപഞ്ചായത്തിലെ തണ്ടൻകല്ല് ഉന്നതിയിലെ 31 കുടുംബങ്ങളെ മുണ്ടേരി വിത്ത്കൃഷിത്തോട്ടം ഫാം ക്വാട്ടേഴ്സിൽ മാറ്റി താമസിപ്പിച്ചിരുന്നു. തുടർന്ന് ടി കുടുംബങ്ങൾ ഉന്നതിയിലേക്ക് മടങ്ങിപ്പോകുന്നതിന് തയ്യാറായില്ല. ഉന്നതി നിവാസികളുമായി നിരന്തരം ചർച്ചകൾ നടത്തുകയും പോത്ത്കല്ല് ഗ്രാമ പഞ്ചായത്തിൽ തന്നെ ഭൂമി അനുവദിക്കുകയാണെങ്കിൽ മാറി താമസിക്കുന്നതിന് തയ്യാറാണെന്ന് അവർ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ പോത്ത്കല്ല് പഞ്ചായത്തിൽ ലാന്റ് ബാങ്ക് പദ്ധതി പ്രകാരം ഭൂമി കണ്ടെത്തിയിരുന്നു. കണ്ടെത്തിയ ഭൂമി വാങ്ങുന്നതിന് മുൻപ് ടി കുടുംബങ്ങൾ ടി ഭൂമിയിലേക്ക് മടങ്ങി പോകുന്നതിനുള്ള സമ്മതം തേടിയപ്പോൾ അവർക്ക് തണ്ടൻകല്ല് ഉന്നതിയിലേക്ക് തന്നെ മടങ്ങിപ്പോയാൽ മതിയെന്ന് 11.06.2026 ന് ചേർന്ന ഊരുകൂട്ടത്തിൽ അറിയിക്കുകയാണ് ഉണ്ടായത്.**

**<u>പുലിമുണ്ട-മുണ്ടക്കടവ്</u>**

**കരുളായി ഗ്രാമ പഞ്ചായത്തിലെ പുലിമുണ്ട-മുണ്ടക്കടവ് ഉന്നതിയിലെ 78 കുടുംബങ്ങളിൽ 53 കുടുംബങ്ങൾ കാഞ്ഞിരക്കടവിലും 25 കുടുംബങ്ങൾ വട്ടിക്കല്ല് എന്നീ പ്രദേശങ്ങളിലും ഷെഡ് കെട്ടി താമസിക്കുകയും, ടി കുടുംബങ്ങളിൽ കാഞ്ഞിരക്കടവിൽ താമസിക്കുന്ന 53 കുടുംബങ്ങൾ നിലവിൽ താമസിക്കുന്ന ഭൂമിക്ക് വേണ്ടി ബഹു.ഹൈക്കോടതിയിൽ കേസ്സ് ഫയൽ ചെയ്യുകയും ടി കേസ്സിൽ 53 കുടുംബങ്ങൾക്ക് ഭൂമി അനുവദിക്കുന്നതിന് വിധി വരുകയും ചെയ്തു. അതിന്റെ അടിസ്ഥാനത്തിൽ കരുളായി ഗ്രാമ പഞ്ചായത്തിലെ 53 കുടുംബങ്ങൾക്ക് 0.8332 ഹെക്ടർ ഭൂമി വീതം വ്യക്തിഗത വനാവകാശമായി അനുവദിച്ചു. ടി കുടുംബങ്ങളിൽ 45 പേരുടെ ROR തയ്യാറാക്കിയതിൽ 26 പേരുടെ ROR അംഗീകരിച്ചിട്ടുണ്ട്. 19 പേർക്ക് 2005 ൽ 18 വയസ്സ് പൂർത്തിയാകാത്തതോ പ്രായം തെളിയിക്കുന്ന രേഖ അപേക്ഷകയോടൊപ്പം സമർപ്പിക്കാത്തതോ ആയതിനാൽ ROR ന് അംഗീകാരം നൽകിയിട്ടില്ല. ടി വിഷയത്തിൽ നിയമോപദേശം തേടി നടപടി സ്വീകരിക്കുന്നതിന് ഡി.എൽ.സി നിർദ്ദേശിച്ചിട്ടുണ്ട്. വട്ടിക്കല്ലിൽ താമസിക്കുന്ന 25 കുടുംബങ്ങൾ മുണ്ടക്കടവിലേക്ക് തിരികെ വന്ന് പഴയ വീടുകളിൽ താമസിക്കുന്നുണ്ട്.**

**(ബി)** 2018-ലെ പ്രളയത്തിൽ പുന്നപ്പുഴക്ക് കുറുകെയുള്ള ഇരുമ്പുപാലവും വീടുകളും തകർന്ന് വഴിക്കടവ് പഞ്ചായത്തിലെ പുഞ്ചകൊല്ലി, അളക്കൽ ഉന്നതിക്കാർ കഴിഞ്ഞ 8 വർഷമായി പുറംലോകവുമായി ബന്ധമില്ലാതെ ഒറ്റപ്പെട്ട് കഴിയുന്ന ദുരവസ്ഥ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ എന്നും ഇത് പരിഹരിക്കുവാൻ ട്രൈബൽ കണക്റ്റിവിറ്റിയിൽ ഉൾപ്പെടുത്തി അളക്കൽ പുഞ്ചക്കൊല്ലി പാലം നിർമ്മിക്കാൻ നടപടികൾ സ്വീകരിക്കുമോ എന്നും വ്യക്തമാക്കാമോ?

**<u>മറുപടി:</u> പ്രളയത്തെ തുടർന്ന് പുന്നപ്പുഴക്ക് കുറുകെയുള്ള പാലം ഒലിച്ചു പോയിരുന്നു. എങ്കിലും പുഞ്ചക്കൊല്ലി- അളക്കൽ ഉന്നതികളിലെ നിവാസികൾ എടക്കര, മൂത്തേടം എന്നീ ഭാഗങ്ങളിലേക്ക് എത്തിച്ചേരുന്നതിന് നെല്ലിക്കുത്ത് വഴിയുള്ള ഗതാഗത സൗകര്യം ഉപയോഗിക്കുന്നുണ്ട്. ആയത് കൊണ്ട് തന്നെ ടി ഉന്നതികൾ പുറം ലോകത്ത് നിന്നും തീർത്തും ഒറ്റപ്പെട്ട സാഹചര്യമല്ല നിലവിലുള്ളത്. ടി പാലം പുനർനിർമ്മിക്കുന്നതിന് 800 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നു. പാലം പുനർനിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.**

**സെക്ഷൻ ഓഫീസർ**